"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- 2023 മാർച്ച് മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ കുറവ് വന്ന തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി - ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4728/2023/FIN — തിരുവനന്തപുരം, 20-06-2023

പരാമർശം:-
1. സ.ഉ (സാധാ) നം.4368/2023/ധന തീയതി 08.06.2023
2. സ.ഉ (സാധാ) നം.4391/2023/ധന തീയതി 09.06.2023
3. പഞ്ചായത്ത് ഡയറക്ടറുടെ 14.06.2023- ലെ LSGD/PD/24509/2023-SSP2 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 15.06.2023- ലെ LSGD/PD/5372/2023-SSP1 നമ്പർ കത്ത്.

**ഉത്തരവ്**

2023 മാർച്ച് മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ (എൻ.എസ്.എ.പി) വരുന്ന ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലെ 1,96,727 ഗുണഭോക്താക്കൾക്ക് 2023 മാർച്ച് മാസത്തെ ബിൽ ജനറേഷനിലെ അപാകത കാരണം എൻ.എസ്.എ.പി സംസ്ഥാന വിഹിതത്തിലുണ്ടായ കുറവ് നികത്തുന്നതിനാവശ്യമായ 3,93,45,400/- (മൂന്നു കോടി തൊണ്ണൂറ്റിമൂന്നു ലക്ഷത്തി നാല്പത്തി അയ്യായിരത്തി നാനൂറ് രൂപ മാത്രം) രൂപ അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ, 2023 മാർച്ച് മാസത്തെ പെൻഷൻ വിതരണത്തിനായി പരാമർശം (2) പ്രകാരം അനുവദിച്ച തുകയിൽ 3,93,43900/- (മൂന്നു കോടി തൊണ്ണൂറ്റിമൂന്നു ലക്ഷത്തി നാല്പത്തി മൂവായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപ അധികമായി എസ്.എൻ.എ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടെന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ (എൻ.എസ്.എ.പി) വരുന്ന ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലെ 1,96,727 ഗുണഭോക്താക്കൾക്ക് 2023 മാർച്ച് മാസത്തെ ബിൽ ജനറേഷനിലെ അപാകത കാരണം എൻ.എസ്.എ.പി സംസ്ഥാന വിഹിതത്തിലുണ്ടായ കുറവ് നികത്തുന്നതിനാവശ്യമായ 3,93,45,400/- (മൂന്നു കോടി തൊണ്ണൂറ്റിമൂന്നു ലക്ഷത്തി നാല്പത്തി അയ്യായിരത്തി നാനൂറ് രൂപ മാത്രം) രൂപ ബാങ്ക് അക്കൗണ്ട് വഴി ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനായി, പഞ്ചായത്ത് ഡയറക്ടറുടെ

പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് (SB അക്കൗണ്ട് നമ്പർ:67234515304 (IFS Code : SBIN 0070028) അനുവദിച്ച് ഉത്തരവാകുന്നു. ടി തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. കൂടാതെ, പഞ്ചായത്ത് ഡയറക്ടറുടെ കീഴിലുള്ള 2235-03-101-99-01, 2235-02-101-54-01, 2235-60-102-88-01 എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ പരാമർശം (2) പ്രകാരം അനുവദിച്ച 19,92,44,700/- രൂപയിൽ 3,93,43,900/- രൂപ നീക്കിയിരിപ്പ് വന്നിരിക്കുന്നതിനാൽ ടി തുക ദേശീയ സാമൂഹ്യ സഹായ (എൻ.എസ്.എ.പി) പദ്ധതിയുടെ അടുത്ത പെൻഷൻ വിതരണത്തിനായി അനുവദിക്കുന്ന തുകയിൽ കുറവ് വരുത്തുന്നതായിരിക്കുമെന്നും ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ.ബി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ

| അനുബന്ധം I | | | |
|---|---|---|---|
| 2023 മാർച്ച് മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ കുറവ് വന്ന തുകയുടെ വിശദാംശങ്ങൾ | | | |
| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് | |
| | | എണ്ണം | തുക |
| മുനിസിപ്പാലിറ്റി | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 11 | 2200 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 15375 | 3075000 |
| | ആകെ | 15386 | 3077200 |
| കോർപ്പറേഷൻ | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 15 | 3000 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 17271 | 3454200 |
| | ആകെ | 17286 | 3457200 |
| ഗ്രാമ പഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 136 | 27200 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 163919 | 32783800 |

| | | | |
|---|---|---|---|
| | | | |
| | ആകെ | 164055 | 32811000 |
| ആകെ മൊത്തം | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 162 | 32400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 196565 | 39313000 |
| | **ആകെ മൊത്തം** | **196727** | **39345400** |